# കുട്ടിക്കാനത്തെ ധന്യമാക്കാൻ ലോക മലയാളി മേള ഓഗസ്റ്റ് 10, 11,12 ന്.

കുട്ടിക്കാനം (ഇടുക്കി): പ്രവാസി മലയാളി കുടുംബങ്ങളെ വരവേൽക്കാൻ കുട്ടിക്കാനം അണിഞ്ഞൊരുങ്ങുന്നു. ലോക മലയാളി കൗൺസിൽ ഒരുക്കുന്ന പ്രവാസികുടുംബ മേള ഓഗസ്റ്റ് 10, 11 ,12 തീയതികളിൽ ഇടുക്കിയുടെ മലഞ്ചെരിവുകളെ ആഘോഷമയമാക്കും. ഏറെ വ്യത്യസ്തമായ അവധി ദിനങ്ങൾ ലോക മലയാളികൾക്കായി അണിയിച്ചൊരുക്കുകയാണ് 'എൻ ആർ കെ സംഗമം 12'. കേരളത്തിനു പുറത്ത് ദീർഘകാലം താമസിക്കുകയോ ഹ്രസ്വകാല യാത്രകൾ നടത്തുകയോ ചെയ്ത കുടുംബങ്ങൾക്ക് ഈ വിനോദകേന്ദ്രത്തിൽ ഒത്തുചേർന്ന് സൗഹൃദം പങ്കിടാം..

കേരളത്തിന് പുറത്ത് തങ്ങളുടെ ജീവിതം കെട്ടിപ്പടുത്ത മലയാളി കുടുംബങ്ങളുടെ സംഗമം എന്നതിന് പുറമേ കേരളത്തിന്റെ പ്രകൃതിയെയും സംസ്കാരത്തെയും അറിയാൻ പുതുതലമുറക്ക് കിട്ടുന്ന ഒരവസരം കൂടിയാണ് ഇത്. ലോക പൈതൃകപ്പട്ടികയിലേക്കുയർത്തപ്പെട്ട പശ്ചിമഘട്ട മലനിരകളിൽ, തേയിലത്തോട്ടങ്ങളുടെയും ഹിൽ സ്റ്റേഷനുകളുടെയും മനോഹാര്യതയിലേക്ക് നടന്നിറങ്ങാനായി മൂന്നു പകലുകളും രണ്ട് രാത്രികളും.

വ്യത്യസ്തങ്ങളായ വിനോദങ്ങൾക്കൊപ്പം സാമൂഹിക- രാഷ്ട്രീയ- സാംസ്കാരിക പ്രമുഖരുടെ സാന്നിധ്യവും മേളയെ ആകർഷകമാക്കുന്നു. കേരളത്തിന്റെ ജലവിഭവ വകുപ്പ് മന്ത്രി പി.ജെ ജോസഫും കുടുംബവും നയിക്കുന്ന ഗാനമേള, പ്രശസ്ത സിനിമാ നടൻ മുകേഷ് പങ്കെടുക്കുന്ന നർമ്മസല്ലാപം, നടനും നിർമ്മാതാവുമായ പ്രകാശ് ബാരെ (സൂഫി പറഞ്ഞ കഥ, ഇവൻ മേഘരൂപൻ), തമ്പി ആന്റണി തുടങ്ങിയവർ സന്നിഹിതരാവുന്ന ചിറ്റ് ചാറ്റ് എന്നിവയ്ക്ക് പുറമേ, മുൻ വിദ്യാഭ്യാസ മന്ത്രി എം.എ ബേബി പങ്കെടുക്കുന്ന ചർച്ച (കേരളത്തിലെ വിദ്യാഭ്യാസം: പ്രതിസന്ധികൾ പരിഹാരങ്ങൾ), ജോസ് പനച്ചിപ്പുറവും (മലയാള മനോരമ) ജോൺ ബ്രിട്ടാസും (ഏഷ്യാനെറ്റ്) ടി. ആർ അജയനും (കൈരളി ടിവി) ഒത്തുചേരുന്ന സംവാദം (മാധ്യമങ്ങളുടെ വിശ്വാസ്യത), കെടിഡിസി ചെയർമാൻ വിജയൻ തോമസുമായുള്ള ചോദ്യോത്തരവേള എന്നിവയും ഉണ്ടായിരിക്കും. ചെറുതും വലുതുമായ ബിസിനസ്സ് സംരംഭങ്ങൾ ആരംഭിക്കുവാൻ ആഗ്രഹിക്കുന്നവർക്ക് നിർദേശങ്ങൾ അവതരിപ്പിക്കാനും അഭിപ്രായങ്ങൾ ആരായാനും പങ്കാളികളെ കണ്ടെത്താനും കൂടി ഇവിടെ അവസരമുണ്ടായിരിക്കും

കുട്ടിക്കാനത്തെ തേയിലത്തോട്ടങ്ങളിലൂടെയും വാഗമണ്ണിലെ മൊട്ടക്കുന്നുകളിലൂടെയുമുള്ള വിനോദയാത്ര ഈ കുടുംബമേളയുടെ പ്രത്യേകതയായിരിക്കും. പ്രായ ഭേദമന്യേ അതിഥികൾക്ക് ആർക്കും തങ്ങളുടെ കഴിവുകൾ പ്രകടിപ്പിക്കാൻ അവസരമൊരുക്കുന്ന സെഷനുകൾ 'എൻ ആർ കെ സംഗമം 12'ലുണ്ട്. പാചകത്തിലെ പൊടിക്കൈകൾ സ്വായത്തമാക്കാനും പകർന്നു കൊടുക്കാനും പരീക്ഷിക്കാനും 'റെസിപ്പീസ്', സൗന്ദര്യ സംരക്ഷണത്തിന് 'ബ്യൂട്ടീഷ്യൻ', മെഹന്തി സ്നേഹികൾക്കായി 'മെഹന്തി ഡിസൈനിംഗ്', എന്നിവയ്ക്ക് പുറമേ മുതിർന്നവർക്കും കുട്ടികൾക്കും ഒരുപോലെ പങ്കെടുക്കാവുന്ന കലാ-കായിക മത്സരങ്ങൾ, ക്വിസ് മുതൽ നാരങ്ങാ സ്പൂൺ വരെ. കേരളത്തിന്റെ തനതു മത്സരങ്ങളും, മലയാളി രുചികളിൽ തുടങ്ങി പുത്തൻ തലമുറ ബർഗർ, പിസ്സ വരെ വിളമ്പുന്ന ഫുഡ്കോർട്ടും ആരെയും രസിപ്പിക്കുന്നതായിരിക്കും.

കുട്ടിക്കാനം മരിയൻ കോളേജിലെ 'സൗഹൃദ പന്തലി'ലും ചുറ്റുവട്ടത്തെ റിസോർട്ടുകളിലും ഒരുക്കുന്ന 'എൻ ആർ കെ സംഗമം 12' ഏതു തരം കുടുംബത്തിനും പങ്കെടുക്കാവുന്ന വിനോദത്തിന്റെയും വിജ്ഞാനത്തിന്റെയും നിറക്കൂട്ടാണ്. തലമുറകളുടെ സംഗമം എന്നതിലുപരി, സ്വദേശി- വിദേശി സൗഹൃദങ്ങളുടെ തുടർച്ചയും പകർച്ചയും കൂടിയാണിത്. ആദ്യം രെജിസ്റ്റർ ചെയ്യുന്ന 150 കുടുംബങ്ങൾക്കാണ് സംഗമത്തിൽ പങ്കെടുക്കാൻ അവസരമുണ്ടാകുക. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും: വെബ്സൈറ്റ് - www.nrkfest.com, ഫോൺ - 8547340159, ഇമെയിൽ - nrkfest@gmail.com.